സുപ്രീം കോടതിയുടെ ഭരണഘടന ബഞ്ചാണ് ഡാം സുരക്ഷിതമാണെന്ന് ഒരു ഉന്നതാധികാര സമിതിയുടെ റിപ്പോർട്ട് പ്രകാരം വിധിച്ചത്. ആ സാഹചര്യത്തിൽ ആ വിധിയെ അംഗീകരിക്കുകയെ നമുക്ക് വഴിയുണ്ടായിരുന്നുള്ളു. അതിന് പകരം രാഷ്ട്രീയ പാർട്ടികളും ബുജികളുംകൂടി സ്വന്തം താല്പര്യ സംരക്ഷണത്തിനായി പല തമാശ അഭിപ്രായങ്ങളും തട്ടിവിടുന്നുണ്ടായിരുന്നല്ലൊ. നമ്മുടെ പ്രധാന രാഷ്ട്രീയ പാർട്ടികളും കൂടി ഇതിനോട് ചേർന്നതാണ് നാട്ടിന് വലിയ ദോഷം ചെയ്തത്. മാധ്യമങ്ങൾ, സാധാരണപോലെ, എരിതീയിൽ എണ്ണ ഒഴിക്കുന്ന സ്വഭാവം തന്നെയാണ് കാണിച്ചത്. ചില ചാനലുകൾ 24 മണിക്കൂറും ഡാം പൊട്ടുന്നതിന്റെ ആനിമേഷൻ ചിത്രീകരണമാണ് കാണിച്ചിരുന്നത്. അതു കാരണം സർക്കാരിനും പൊതുസമൂഹത്തിനും ഒന്നും വയ്യാത്ത തലത്തിലേക്ക് കാര്യങ്ങൾ മാറി. അങ്ങനെ ഗവൺമെന്റ് നേരത്തെ പറഞ്ഞ വിഭാഗങ്ങളുടെ സമ്മർദ്ദത്തിനനുസരിച്ചു സ്വന്തമായി ഒരു സാങ്കേതിക സമിതിയെ വിഷയം പഠിക്കാനായി നിയമിച്ചു. സുപ്രീം കോടതിയുടെ ഒരു സമിതിക്ക് പുറത്താണിത് ചെയ്തത്.അതിനൊരു വിലയുമുണ്ടായില്ലെന്ന് എല്ലാപേർക്കുമറിയാം. എന്നിട്ടുപോലുംഗവൺമെന്റിനെ ആ നിസ്സഹായതയിൽ കൊണ്ടെത്തിച്ചു. ഇതിനിടക്ക് ഏതൊ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ഡാമിന്റെ ജലനിരപ്പ് 136 അടിയായി ഉറപ്പിക്കുന്ന ഒരു പ്രമേയവും അസംബ്ലി പാസാക്കി. മാധ്യമങ്ങൾ സുപ്രീംകോടതി കമ്മിറ്റിയിലെ അംഗങ്ങളെ തേജോവധം ചെയ്യുകയുമായിരുന്നു. ചുരുക്കത്തിൽ എല്ലാപേരും വിഷയത്തിൽ താൻ പ്രമാണിത്വം കാണിക്കുകയായിരുന്നു. അതെസമയം തമിഴ്നാട് കേസ് നടത്തേണ്ടരീതിയിൽ നടത്തുകയും കേന്ദ്ര കമ്മീഷനുകൾ നിർദ്ദേശിച്ച പണികളൊക്കെ ഡാമിന്റെ ബലപ്പെടുത്ത

ലിൽ സഹായിക്കുന്നതിന് ചെയ്യുകയും ചെയ്ത്. അങ്ങനെ സുപ്രീംകോടതി കമ്മിറ്റി തെളിവെടുപ്പിന് വന്നപ്പോൾ അവർക്ക് ഡാം സുരക്ഷിതമാണെന്നുള്ളതിന് ഉപോദ്ബലഹ മായ തെളിവുകളൊക്കെ കിട്ടുകയും ചെയ്തു. നമ്മൾ മാധ്യമ സഹായത്തോടെ അവരുടെ കുറ്റങ്ങളും കുറവുകളും കണ്ടുപിടിക്കാനാണ് ശ്രമിച്ചത്. കോടതി നേരത്തെ പറഞ്ഞ പ്രമേ യവും തേജോവധവും മറ്റ് അതിക്രമങ്ങളും ശരിക്കുംശ്രദ്ധിക്കുന്നുണ്ടായിരുന്നു. വിസ്താരം തുടങ്ങിയപ്പോൾതന്നെ അതിലുള്ള അതൃപ്തി അർത്ഥശങ്കക്കിടയില്ലാതെ നമ്മുടെ അഡ്വക്കേ റ്റിനെ അറിയിക്കുകയും ചെയ്തു. അതോടെ വരാൻ പോകുന്ന വിധിയുടെ സ്വഭാവം എന്താ യിരിക്കുമെന്ന് ഏതാണ്ട് വ്യക്തമാകുകയും ചെയ്തു.

അവസാനം വിധിവന്നു, ഡാം സുര ക്ഷിതമാണ് ; ജലനിരപ്പ് 142 അടിയും പിന്നാലെ 152 ആക്കാമെന്നായിരുന്നു. നമ്മുടെ സന്തോ ഷത്തിനായി ഒരു നിരീക്ഷണ കമ്മിറ്റിയെ കൂടി രൂപീകരിക്കാൻ നിർദ്ദേശിച്ചു. ആ കമ്മിറ്റിയിലെ അംഗങ്ങളെയും മാധ്യമങ്ങൾ വെറുതെ വിട്ടി ല്ല,പഴയ കളിയാക്കൽ തുടർന്നുകൊണ്ടേയിരു ന്നു. തമിഴ്നാട് കിട്ടിയ അവസരം ശരിക്കും മുതലാക്കി നിരപ്പ് 142 അടിയാക്കി. ഇപ്പോഴവ രുടെ ശ്രമം 152 ൽ എത്താനാണ്.

ഇതിനിടയ്ക്കാണ് മുഖ്യമന്ത്രിയുടെ വിവേ കപൂർണ്ണമായ അഭിപ്രായം വിഷയത്തിൽ വന്ന ത്. സുപ്രീംകോടതിയുടെ തീർപ്പാണ് ഇപ്പോ ഴുള്ളത്. അതിനെ മാറ്റണമെങ്കിൽ ഡാം സുര ക്ഷിതമല്ലെന്ന് നമ്മൾ തെളിയിക്കണം. അതിന് ആദ്യം സുപ്രീംകോടതിയെകൊണ്ട് തന്നെ ഒരു കമ്മീഷനെ വയ്പിക്കണം. അതത്ര എളുപ്പമു ള്ള കാര്യമല്ലെന്ന് അറിയാമല്ലോ. അതുകൊണ്ട് തല്പര കക്ഷികൾ അന്തർദേശീയ സമിതിയെ കൊണ്ടുവരണമെന്നാണ് പറയുന്നത്. അതിന് സുപ്രീംകോടതിയുടെ അനുമതി വേണ്ടിവരു മല്ലോ. ഇതൊക്കെ മനസ്സിലാക്കിയിട്ടാണ് മുഖ്യ മന്ത്രി പറഞ്ഞത് വിധിയെ നമ്മൾ മാനിക്കുന്നു. തമിഴ്നാടുമായി പുതിയ ഡാമിനെക്കുറിച്ച് ചർച്ച , ഇത് രണ്ടുകൂട്ടർക്കും ഗുണകരമായ ഒരു തീരുമാനത്തിലെത്താം. അത്മാത്രമാണിപ്പോൾ കരണീയമായിട്ടുള്ള പ്രതിവിധി. കൂട്ടത്തിൽ ജലനിരപ്പ് 145 അടിയിൽ നിർത്തുന്ന കാര്യവും ചർച്ചചെയ്യണം. അങ്ങനെയുള്ള ചില അഭിപ്രാ യങ്ങൾ അവിടെനിന്നും കേൾക്കുന്നുണ്ട്.

ഇങ്ങനെയുള്ള കാര്യങ്ങളിൽ പ്രതി പക്ഷ പാർട്ടികൾ (ഇന്നത്തെ പ്രതിപക്ഷമാ ണല്ലൊ നാളത്തെ ഭരണപക്ഷം)കുറെക്കൂടി വിവേകം കാണിക്കണം.സംസ്ഥാന താല്പര്യ മായിരിക്കണം പ്രധാന ലക്ഷ്യം. രാഷ്ട്രീയം രണ്ടാമത് മതി. കാലമൊക്കെ ഒത്തിരിമാറി, അതിനനുസരിച്ച് മാറ്റങ്ങൾ ഉൾക്കൊള്ളാൻ പാർട്ടികൾ തയ്യാറാകണം. അല്ലെങ്കിൽ, ഇതി നിടക്ക് നിന്ന് മാധ്യമങ്ങൾ മുട്ടനാടിന്റെ പണി ചെയ്യും.കഴിഞ്ഞ കേന്ദ്ര ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കാൻ ശ്രമിച്ച ആധാർ, നേരി ട്ടുള്ള വിദേശ നിക്ഷേപം. ഇന്ധനവില ഇതി നെയൊക്കെ നഖശിഖാന്തം എതിർത്ത അന്ന ത്തെ പ്രതിപക്ഷമായ ഇന്നത്തെ ഭരണക ക്ഷിയും ചെയ്യുന്നത് അതൊക്കെയല്ലേ. രാജ്യ നന്മയായിരിക്കണം എപ്പോഴും രാഷ്ട്രീയപാർട്ടി കളുടെ ലക്ഷ്യം. അതിൽ കുതന്ത്രങ്ങൾ കാണി ക്കാൻ ശ്രമിക്കുമ്പോഴാണ് മാധ്യമങ്ങൾ അതിനെ മുതലെടുക്കുന്നത്. മാധ്യമങ്ങൾ എപ്പോഴും എവിടെയും അതാണ്. ഇപ്പോൾ തന്നെ 'ജിഷ' വധക്കേസിൽ ദിവസവും സ്തോഭ ജനകമായ ഓരോ കഥകളല്ലെ പറ യുന്നത്. മാധ്യമ വിചാരണ ഒരു വിഷയ ത്തിലും ഒരു കാലത്തും ജനത്തെ നേർവഴിക്ക് നടത്തിയിട്ടില്ലെന്ന കാര്യം പ്രത്യേകം ശ്രദ്ധി ക്കുക.

❖

# ഓ ! ഈ ഹാർമോണിക്സിന്റെ ഒരു കാര്യം - അല്ലൻ പറഞ്ഞ കഥ



Er. യു.എസ്. രവീന്ദ്രൻ (Rtd.

**അ**ന്നൊരു ഞായറാഴ്ചയായിരുന്നു. കാലത്തു തന്നെ പള്ളിയിൽപോയി ഇപ്പോഴും ജീവിച്ചിരിക്കുന്ന കാര്യം ക്രിസ്തുവിനെ അറിയിച്ച് നന്ദിപറഞ്ഞതിനുശേഷം ബ്രേക്ക് ഫാസ്റ്റ് കഴിച്ച് കൊണ്ടിരിക്കുകയായിരുന്നു. അപ്പോഴാണ് ഓഫീസിൽ നിന്നും സീനിയർ ബോസ്സിന്റെ വിളി വന്നത്. “മിസ്റ്റർ അല്ലൻ, ഒന്നിവിടെ വരെ വരണം - ഉടൻ ” ഞായറാഴ്ച പതിവില്ലാതെയുള്ള വിളിയായതുകൊണ്ട് ഉടൻ വണ്ടിയെടുത്ത് ചെയർമാൻ ബോസ്സിന്റെ ഓഫീസിലെത്തി. ഒരുകൂട്ടം കൃഷിക്കാർ അവിടെ പരാതികളുമായി എത്തിയിരിക്കുന്നു. അവരുടെ ടെലിവിഷൻ സെറ്റുകളെല്ലാം കേടു വന്നു. ഇത് ആദ്യത്തെ തവണയല്ല. പലരും അഞ്ചും ആറും തവണ ടെലിവിഷൻ സെറ്റുകൾ റിപ്പയർ ചെയ്തവരാണ്. ചിലർ ഒരു പുതിയ ടിവി വാങ്ങാനുള്ളതുകവരെ റിപ്പയർ ചാർജ്ജുകളായി കൊടുത്തുകഴിഞ്ഞു. മിക്കവാറും ശനിയാഴ്ചകളിലുള്ള റഗ്ബി മത്സരം കണ്ടുകൊണ്ടിരിക്കുമ്പോളാണ് ടിവി കേടുവരുന്നത്. ആദ്യമാദ്യം പലരും ഇത് തന്റെ മാത്രം പ്രശ്നമാണെന്നാണ് കരുതിയത്. ഗുണനിലവാരം കുറഞ്ഞ ടിവിയായതുകൊണ്ടാവാം എന്നാണ് വിചാരിച്ചത്. ടിവി റിപ്പയർ ഷോപ്പിൽ ഞായറാഴ്ചകളിൽ പരസ്പരം കണ്ടുമുട്ടുമ്പോഴാണ് ഇതു ഒരു പൊതു പ്രശ്നമാണെന്നും എല്ലാവരും കൂടി എന്തെങ്കിലും ചെയ്യേണ്ടതുണ്ടെന്നും തീരുമാനിച്ചത്. അങ്ങിനെയാണ് പ്രശ്നം ചെയർമാന്റെ അടുത്തെത്തിയതും അല്ലനെ വിളിപ്പിച്ചതും. “ഉടനെതന്നെ ലൈനിൽ പോയി എന്തെങ്കിലും പ്രശ്നങ്ങളുണ്ടോ എന്ന് നോക്കി പരിഹരിക്കണം” അല്ലനെയും കൂട്ടുകാരനെയും ചുമതലപെടുത്തികൊണ്ട് ചെയർമാൻ ഉത്തരവിട്ടു.

സൗത്ത് ആഫ്രിക്കയിലെ ESCOM കമ്പനിയിലെ ആപ്ലിക്കേഷൻ എഞ്ചിനീയറായിരുന്നു അല്ലൻ പുർട്ടൺ. 1977 ൽ ടെലിവിഷൻ സെറ്റുകൾ സാധാരണയായതോടെയാണ് പ്രശ്നം തുടങ്ങിയത്. ഒരു സാധാരണക്കാരന്റെ ടിവി കേടുവന്നു എന്നു പറയുമ്പോൾ പ്രശ്നം കാര്യമായി എടുക്കാറില്ല. കൂട്ടപരാതി ചെയർമാന്റെ അടുത്തെത്തിയപ്പോൾ എന്തെങ്കിലും ചെയ്തേ പറ്റൂ എന്ന അവസ്ഥയിലായി. അല്ലനും സഹപ്രവർത്തകനും കൂടി കുറച്ചു ഉപകരണങ്ങളുമായി പരാതിക്കാരുടെ ഭാഗത്തേക്കു പോകുന്ന ലൈൻ ടെസ്റ്റു ചെയ്തു. ടെസ്റ്റുകൾ നടത്തിയിരുന്നത് ബുധനാഴ്ച, വ്യാഴാഴ്ച ദിവസങ്ങളിലായിരുന്നു. സാധാരണയിൽ കുറച്ച് കൂടുതൽ ഹാർമോണിക്സ് ലെവൽ ഉണ്ടായിരുന്നു എന്നല്ലാതെ പ്രത്യേകിച്ച് വിശേഷങ്ങൾ ഒന്നും ടെസ്റ്റ്കളിൽ കണ്ടില്ല. ശനിയാഴ്ചകളിലാണ് ടിവികൾ കേടുവരാറുള്ളത് എന്ന് കൃഷിക്കാർ ഊന്നി പറഞ്ഞപ്പോൾ അടുത്ത ശനിയാഴ്ചകളിൽ ലൈൻ ടെസ്റ്റ് ചെയ്യാൻ തീരുമാനിച്ചു. അങ്ങനെ ഒരു ശനിയാഴ്ച കൃത്യം പതിനൊന്നു മണിക്ക് ടെസ്റ്റു

കൾ ആരംഭിച്ചു. എല്ലാ വിവരങ്ങളും റെക്കോഡ് ചെയ്തു. പ്രത്യേകിച്ച് ഒരു വിശേഷവും കണ്ടില്ല. റഗ്ബി കളി തുടങ്ങുമ്പോളാണ് ടിവി കേടുവരാറുള്ളത് എന്ന് വേറൊരു ശനിയാഴ്ച ഒരു കൃഷിക്കാരൻ പറഞ്ഞപ്പോൾ കളിതുടങ്ങുന്ന രണ്ടുമണിവരെ ലൈനിലെ മാറ്റങ്ങൾ ഉപകരണങ്ങളിലൂടെ ശ്രദ്ധിച്ചുകൊണ്ടിരുന്നു. രണ്ടുമണിയായപ്പോൾ അതാ അവൻ വില്ലൻ വരുന്നു. അതുവരെ ഏതാണ്ട് മൂന്നു നാലു ശതമാനം മാത്രം ഉണ്ടായിരുന്ന ഹാർമോണിക്സ് എട്ട്.... പതിനഞ്ച്... ഇരുപത്തഞ്ച്... മുപ്പത്തിമൂന്ന് എന്നീ ലവലുകൾ മറികടന്ന് ഇരുപത് മിനിറ്റുകൾക്കുള്ളിൽ നാല്പത്തിനാല് ശതമാനം വരെയായി. ഈ സമയത്ത് ഹോർമോണിക്സ് റെക്കോഡറിന്റെ പവർ സ്പ്ലെയും കേടുവന്നു. അടുത്ത ഇരുപതു മിനിട്ടുകൾക്കുള്ളിൽ കാര്യങ്ങൾ സാധാരണഗതിയിലായി. പക്ഷേ ഇതിനകം കൃഷിക്കാരുടെ ടെലിവിഷൻ സെറ്റുകളെല്ലാം കേടുവന്നു കഴിഞ്ഞിരുന്നു.

ശനിയാഴ്ചകളിൽ എന്താണ് സംഭവിക്കുന്നത് എന്നു കണ്ടുപിടിക്കുവാൻ ഞങ്ങൾക്ക് കൂടുതൽ ആലോചിക്കേണ്ടി വന്നു - അലൻ തുടരുന്നു. അടുത്തുള്ള 33 KV/11 KV ലൈനിൽ നിന്നും കൃഷിക്കാർക്ക് 11 KV/380V പോൾ മൗണ്ടഡ് (Pole mounted) ട്രാൻസ്ഫോർമർ വഴിയാണ് വൈദ്യുതി കിട്ടികൊണ്ടിരിക്കുന്നത്. ഇതേ 33 KV/11 KV ശൃംഖല അടുത്തിടെ വൈദ്യുതീകരിച്ച റെയിൽവേ ട്രാക്ഷൻ ലൈനിലേക്ക് നീട്ടിയിരുന്നു. നോർത്തേൺ കേപ്പിൽ നിന്നും സാൽദാനാബേയിലേക്ക് മൂന്നു ഇലക്ട്രിക്ക് ഗുഡ് ടെയിനുകൾ ഇരുമ്പയിര് കൊണ്ടുപോകാൻ ഉപയോഗിച്ചിരുന്നു. ഉദ്ദേശം 25 MVA ലോഡ് വരും എല്ലാം കൂടെ. അവയുടെ ട്രാക്ഷൻമോട്ടോറുകൾ 12 Pole തൈറിസ്റ്റർ സ്വിച്ചിങ്ങ് സിസ്റ്റത്തിലാണ് പ്രവർത്തിച്ചിരുന്നത്. അവിടെനിന്നാണ് പ്രശ്നത്തിന്റെ മൂലകാരണമായ ഉയർന്ന ലവലിലുള്ള 11th ഹാർമോണിക്സിന്റെ ഉത്ഭവം.

ശനിയാഴ്ച ദിവസങ്ങളിൽ മൂന്നു പുഷ്പുൾ എഞ്ചിൻ ഘടിപ്പിച്ച ഏകദേശം ഒരു കിലോ മീറ്റർ നീളം വരുന്ന ഇലക്ട്രിക് ഗുഡ്സ് ട്രെയിൻ, ലൈൻ ടാപ് ചെയ്യുന്ന 'T' പോയിന്റിൽ വരുമ്പോഴാണ് പ്രശ്നങ്ങൾ ഉദിക്കുന്നത്. സാധാരണ ദിവസങ്ങളിൽ കൃഷിയിടങ്ങളിലെ പമ്പുകളും ഡ്രയറുകളും വീട്ടുപകരണങ്ങളും എല്ലാംകൂടി മിക്കവാറും എല്ലാ ഹാർമോണിക്സിനേയും ഉൾക്കൊണ്ടുകൊള്ളും. അതുകൊണ്ട് ടിവിക്ക് കുഴപ്പം വരാറില്ല. ശനിയാഴ്ചകളിൽ എല്ലാവരും എല്ലാ പമ്പുകളും ഡ്രയറുകളും, വീട്ടുപകരണങ്ങളും ഓഫ് ചെയ്ത് റഗ്ബി കളി കാണാൻ TV ക്ക് മുമ്പിൽ ഇരിക്കുമ്പോൾ ഉയർന്ന ഹാർമോണിക്സിനെ ഉൾകൊള്ളാൻ TV മാത്രമേയുള്ളു. TV ക്ക് അതിനു കഴിയാതെ പോകുന്നു. അകത്തെ പല ഘടകങ്ങളും കേടുവരുന്നു. പ്രശ്നം നേരത്തെ നിലനിന്നിരുന്നു എങ്കിലും TV യുടെ ഉപയോഗം സാധാരണയായതുകൂടിയാണ് പ്രത്യക്ഷത്തിൽ ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടായത്.

കർഷകരുടെ നാശനഷ്ടങ്ങൾക്ക് ESCOM പരിഹാരം നൽകി. കർഷകർക്ക് മാത്രമായ പുതിയ 11 KV ശൃംഖല നിർമ്മിച്ചു കൊടുത്തു. എല്ലാം ഭംഗിയായി കലാശിച്ചു. ദീർഘനിശ്വാസത്തോടെ അല്ലൻ പറഞ്ഞു. “ഓ ഈ ഹോർമോണിക്സിന്റെ ഒരു കാര്യം അല്ലേ ?”

❖

# നേരമ്പോക്കുകൾ - 1

Er. ബിപിൻ ശങ്കർ (Dy. CE)

## വേതാളം പറഞ്ഞകഥ

രംഗം ശ്മശാനം; സമയം അമാവാസി നാൾ അർദ്ധരാത്രി. കട്ടപിടിച്ച ഇരുട്ട്,ചീവിടുകളുടെ ശബ്ദം, വവ്വാലുകൾ ചിറകടിക്കുന്നു. ദൂരെ കുറുക്കന്മാർ ഓരിയിടുന്നു. എരിഞ്ഞടങ്ങിയ ചിതകളിലെ കനൽ പ്രകാശം വൃക്ഷ ശിഖരങ്ങളിൽ സൃഷ്ടിക്കുന്ന ഭീകര രൂപങ്ങൾ.

പെട്ടെന്ന് കരിയിലകൾ അനങ്ങി ഞെരിയുന്ന ശബ്ദം. ആരോ നടന്നു വരുന്നു. ദൃഢ ഗാത്രനായ ഒരു യുവാവ്. കയ്യിൽ ഊരിപ്പിടിച്ച തിങ്ങുന്ന ഒരു വാൾ. അയാൾ നടന്ന് വലിയ ഒരു വൃക്ഷത്തിനു സമീപം എത്തുന്നു. അതിൽ തലകീഴായി തൂങ്ങിക്കിടക്കുന്ന ഒരു മൃതശരീരം കാണാം. യുവാവ് അത് താഴെ ഇറക്കി ചുമലിലേറ്റി നടന്നു തുടങ്ങുന്നു. അധികം നീങ്ങുന്നതിനു മുമ്പ് മൃതശരീരം സംസാരിക്കാൻ തുടങ്ങി. " ഹേ, മഹാരാജൻ" അങ്ങ് ധീരനും ബുദ്ധിമാനും പ്രതാപശാലിയുമാണ്. അങ്ങയുടെ കയ്യിലെ വാൾ എന്നെ വല്ലാതെ ഭയപ്പെടുത്തുന്നുണ്ട്. എങ്കിലും നേരമ്പോക്കിന് ഒരു കഥപറയാം. ദയവായി അങ്ങ് അതുകേൾക്കണം. മറുപടി ഒന്നും ഉണ്ടായില്ല. വേതാളം തുടർന്നു." അങ്ങ് ദക്ഷിണപഥത്തിൽ കേരളം എന്ന രാജ്യത്തേക്ക് മൂന്നു പണ്ഡിതൻമാർ സഞ്ചരിക്കുകയായിരുന്നു. പ്രഭാതത്തിൽ കിഴക്കൻ മലനിരകൾ കഴിഞ്ഞ് തീവണ്ടി കേരളത്തിലേക്ക് പ്രവേശിച്ചു. ഉറക്കമുണർന്ന പണ്ഡിതന്മാർ തീവണ്ടി ജനലിലൂടെ പുറത്തേക്കുനോക്കി എങ്ങും പച്ചനിറഞ്ഞ ഭൂപ്രദേശം മലകൾ, മേടുകൾ, പാടങ്ങൾ. കലപ്പയേന്തിയ കർഷകർ, പാൽ വിൽപ്പനക്കാർ, മേഞ്ഞുനടക്കുന്ന നാൽക്കാലികൾ. അപ്പോൾ അതിൽ ഒരു പണ്ഡിതൻ ഇങ്ങനെ പറഞ്ഞു.

"ഹൊ! എന്ത് അത്ഭുതമായിരിക്കുന്നു. കേരളത്തിലെ ആടുകളെല്ലാം കറുത്തതാണ് ആ അതാ നോക്കൂ !" അയാൾ ദൂരേക്കു ചൂണ്ടി. ദൂരെ മേയുന്ന ആടുകൾ. അങ്ങോട്ടു നോക്കിയ രണ്ടാമത്തെ പണ്ഡിതൻ പറഞ്ഞു. " ഹേയ് അതുശരിയല്ല. കേരളത്തിൽ കുറെ ആടുകൾ കറുത്തതാണ്. എന്നു കരുതാനേ കഴിയൂ. കുറെ വെളുത്ത ആടുകൾ എങ്കിലും ഉണ്ടാവും. അതുകേട്ട് മൂന്നാമൻ പറഞ്ഞു "അതും ശരിയല്ല. കേരളത്തിൽ കുറഞ്ഞത് രണ്ട് ആടുകൾ കറുത്തതാണ് എന്നേ പറയാൻ കഴിയൂ. കാരണം രണ്ട് ആടുകളെ മാത്രമേ നമ്മൾ കണ്ടുള്ളൂ.'' പണ്ഡിതൻമാരുടെ ചർച്ച, അവിടെ ചായ വിറ്റു നടന്നയാൾ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അയാൾ പറഞ്ഞു; പണ്ഡിതൻമാരെ നിങ്ങൾ പറഞ്ഞതെല്ലാം തെറ്റാണ്. കേരളത്തിൽ കുറഞ്ഞത് രണ്ട് ആടുകളുടെ ഒരു വശം എങ്കിലും കറുത്തതാണ് എന്നേ പറയാവൂ. കാരണം ആടുകളുടെ മറ്റേവശം നിങ്ങൾ കണ്ടിട്ടില്ലല്ലോ ? പണ്ഡിതന്മാർക്ക് അത്ഭുതം തോന്നി. പരസ്പരം നോക്കി മറുപടി പറയാനായി തിരിഞ്ഞപ്പോൾ അയാളെ അവിടെ കണ്ടില്ല. മഹാരാജൻ ! കഥ ഇവിടെ നിർത്തുന്നു. എന്നിട്ട് അങ്ങയോട് ഒരു ചോദ്യം? ചായക്കാരന് അങ്ങനെ പറയാൻ കഴിഞ്ഞത് എന്തുകൊണ്ടാണ് ? എന്റെ ചോദ്യത്തിന് അറിഞ്ഞുകൊണ്ട് ഉത്തരം തരാതിരിക്കുകയോ തെറ്റായ ഉത്തരം നൽകുകയോ ചെയ്താൽ അങ്ങയുടെ തല നൂറുകഷണങ്ങളായി പൊട്ടിത്തെറിക്കും." ഇത്രയും പറഞ്ഞ് വേതാളം ഉത്തരത്തിനായി കാത്തുകിടന്നു.

*ബാധ്യത നിരാസം : നിദ്ര അനുഗ്രഹിക്കാതിരുന്ന ഒരു രാത്രിയിൽ നേരമ്പോക്കിന് പിഞ്ഞിപ്പോയ ഓർമ്മകൾ ചേർത്ത് ഒട്ടിച്ചുണ്ടാക്കിയതാണ് ഈ വികൃതി. ഇതുവായിച്ച് ശത്രുരാജ്യം നമ്മളെ ആക്രമിക്കുകയോ ആണവസ്ഫോടനം നടത്തുകയോ ആഗോള യുദ്ധം തുടങ്ങുകയോ ചെയ്തേക്കാം. കൂടാതെ ബഹിരാകാശ ഉൽക്കകൾ പതിച്ച് അഗ്നി വർഷം, ഭൂകമ്പം, മഹാമാരി,പ്രളയം ഇത്യാദികളാൽ ലോകാവസാനത്തിനോ സാധ്യതയുണ്ട്. അതുകൊണ്ട് ഉണ്ടാകുന്ന ധനനഷ്ടം, മാനഹാനി എന്നതിനൊന്നും ഈയുള്ളവൻ ഉത്തരവാദിയല്ല. ഞാൻ ഉറങ്ങാൻപോകുന്നു. ഗുഡ്നൈറ്റ്.*

❖

# ആറ്റിങ്ങൽ ഇരട്ടക്കൊലയും ചില വസ്തുതകളും



Er. ഇ.എം. നസീർ

പ്രമാദമായതും അതിഹീനവുമായ ആറ്റിങ്ങൽ ഇരട്ടക്കൊലക്കേസ്സിലെ പ്രതികൾക്ക് അർഹമായ ശിക്ഷ കോടതിയിൽ നിന്നു ലഭിച്ചതിൽ കേരളം ആശ്വാസത്തിലാണ്. അഭ്യസ്തവിദ്യയും ഉന്നത ജോലിയുമുള്ള സമ്പന്നയുവതിയും കാമുകനും ചേർന്ന് സ്വന്തം പിഞ്ചുമകളെയും ഭർത്താവിനെയും ഭർതൃമാതാവിനെയും ഉന്മൂലനം ചെയ്യാൻ നടത്തിയ ശ്രമം പൂർത്തീകരിക്കാനാകാതെ പാതിവഴിയിൽ പാളിപ്പോവുകയായിരുന്നു. മകളും അമ്മായി അമ്മയും വധിക്കപ്പെട്ടപ്പോൾ ഭാഗ്യം കൊണ്ടുമാത്രം വൈദ്യുതി ബോർഡിൽ അസിസ്റ്റന്റ് എഞ്ചിനീയറായ ഭർത്താവ് തലനാരിഴയ്ക്ക് അത്ഭുതകരമാം വിധം രക്ഷപ്പെടുകയായിരുന്നു., നിരപരാധിയായിരുന്നുവെന്ന് സമൂഹം അംഗീകരിക്കുകയായിരുന്നു. പുരുഷ പീഡനത്തിന്റെ ഭാഗമായ ഈ അരുംകൊലകൾക്ക് കാരണം ഭാര്യ എന്ന സ്ത്രീയുടെ വഴിവിട്ടുള്ള ഒരു ബന്ധമായിരുന്നു. നാട്ടിൽ നടന്നുവരുന്ന പുരുഷപീഡന പരമ്പരകളിൽ തീവ്രതകൂടിയ ഒരു സംഭവമായിട്ടാകണം ആറ്റിങ്ങൽ സംഭവത്തെ കാണേണ്ടത്.

പുരുഷൻമാർ വഴിവിട്ട ബന്ധങ്ങളിലേർപ്പെടുന്നു. പിഞ്ചുകുഞ്ഞുങ്ങൾ മുതൽ വൃദ്ധകൾ വരെയുള്ളവരെ പീഡിപ്പിക്കുന്നു, സ്ത്രീധനത്തിന്റെ പേരിൽ ഭാര്യയെ മാനസികമായും ശാരീരികമായും പീഡിപ്പിക്കുന്നു തുടങ്ങിയവയൊക്കെ പുതുമകളില്ലാത്ത വാർത്തകളാണിന്ന്. കടുത്തശിക്ഷകൾ നൽകി ഇത്തരം തിന്മകളെ ഉന്മൂലനം ചെയ്യുകയാണ് വേണ്ടത്. പുരുഷന്മാരെപ്പോലെ തന്നെ തെറ്റുചെയ്യുന്ന സ്ത്രീകളെയും വെറുതെ വിടാൻപാടില്ല. കുടുംബപ്രശ്നങ്ങളിൽ ന്യായം നോക്കാതെയുള്ള സ്ത്രീ കൾക്കുള്ള നിയമ സംരക്ഷണം സ്ത്രീകളിലെ കുറ്റവാസന വർദ്ധിപ്പിക്കുന്നു. സ്ത്രീ കളുടെ തെറ്റുകുറ്റങ്ങളും പീഡനങ്ങളും പുരുഷന്മാരും ബന്ധുക്കളും സഹിച്ചുകൊള്ളണമെന്നതാണ് അലിഖിത നിയമം.

ആറ്റിങ്ങൽ സംഭവത്തിൽ കിരാത മാർഗ്ഗം സ്വീകരിക്കാതെ സമൂഹത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന സ്ത്രീധന പീഡന ആരോപണമുന്നയിച്ചുള്ള കേസ്സുകളിൽ ഭർത്താവിനെയും അമ്മയെയും കുടുക്കി പീഡിപ്പിച്ചിരുന്നുവെങ്കിൽ കേസ്സിന്റെ ചിത്രം മറ്റൊന്നാകുമായിരുന്നു. നിരപരാധി കുറ്റവാളിയും, കുറ്റവാളി നിരപരാധിയായും ചിത്രീകരിക്കപ്പെടുമായിരുന്നു. ഡൊമസ്റ്റിക് വയലൻസ് ആക്ടനുസരിച്ച് കേസ് ഫയൽ ചെയ്തിരുന്നുവെങ്കിൽ അമ്മയെയും മകനെയും നിയമപരമായി വീട്ടിൽ നിന്ന് പുറത്താക്കി ഭാര്യയെന്ന സ്ത്രീക്ക് കാമുകനൊപ്പം സുഖമായി ജീവിക്കാമായിരുന്നു.

സ്ത്രീധന പീഡനത്തിനെതിരെയുള്ള 498 A നിയമം വ്യാപകമായി ദുരുപയോഗം ചെയ്യുന്നുവെന്നകാര്യം സുപ്രീംകോടതി തന്നെ കണ്ടെത്തിയതാണ്. നിരപരാധികളായ പുരുഷന്മാരും ബന്ധുക്കളും കള്ളക്കേസ്സുകളിൽ കുടുങ്ങി പീഡിപ്പിക്കപ്പെടാതി

രിക്കാനും ശിക്ഷിക്കപ്പെടാതിരിക്കാനും ഈ നിയമം ഭേദഗതി ചെയ്യണമെന്ന് പരമോന്നത കോടതി പാർലമെന്റിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

വഴിവിട്ട ജീവിതമാഗ്രഹിക്കുന്ന സ്ത്രീകൾ, പുരുഷന്മാരെ തങ്ങളുടെ ചൊൽപ്പടിയിൽ നിറുത്തി തന്നിഷ്ടമനുസരിച്ച് ജീവിക്കാൻ സ്ത്രീസംരക്ഷണ നിയമങ്ങളിലെ ന്യായമില്ലാത്തതും പക്ഷപാതപരമായതുമായ വകുപ്പുകൾ നന്നേ ദുരുപയോഗം ചെയ്ത് ലക്ഷ്യം നേടാറുണ്ടെന്നത് ഏവർക്കും അറിവുള്ള കാര്യമാണ്. സ്ത്രീകൾക്കെതിരെ ശബ്ദിക്കുന്നത് ഇക്കാലത്ത് ഫാഷനല്ലാത്തതിനാൽ സ്ത്രീകൾക്ക് എന്തും ചെയ്യാമെന്നായിട്ടുണ്ട്. മാധ്യമങ്ങൾ പുരുഷപീഡന സംഭവങ്ങൾ റിപ്പോർട്ട് ചെയ്യാറില്ല. ഏതെങ്കിലും മാധ്യമ പ്രവർത്തകൻ അങ്ങനെയൊരു സാഹസം കാട്ടിയാൽ അയാൾക്കന്ന് അത്താഴപ്പട്ടിണിയാകും ഫലം. പുരുഷപീഡനത്തിനെതിരെയുള്ള ന്യായമായ പ്രതിഷേധ പ്രകടനങ്ങൾ ''ആണും പെണ്ണും കെട്ട മാധ്യമ പ്രവർത്തകർ''തമസ്കരിക്കുകയാണ് പതിവ്.

സ്ത്രീകൾ കുറ്റം ചെയ്യില്ല, കുറ്റവാസന പുരുഷ വർഗ്ഗത്തിനുമാത്രമുള്ളതാണ് എന്ന തെറ്റായ ചിന്താഗതിയും വ്യാജ പ്രചരണവും കുറ്റവാസനയുള്ള സ്ത്രീകൾക്ക് പ്രചോദനമാകുന്നു. എല്ലാവിധ കുറ്റകൃത്യങ്ങൾക്കുമെതിരെ നിയമ നടപടികളും ശിക്ഷയുമുണ്ടെന്നാണ് പൊതുധാരണ. വസ്തുത അതല്ല. പുരുഷപീഡനത്തിനെതിരെ നിയമ നടപടിക്കോ ശിക്ഷയ്ക്കോ വ്യവസ്ഥയില്ല.

കുറ്റവാസന സ്ത്രീപുരുഷഭേദമെന്യെ മനുഷ്യസഹജമാണ്. അതിനാൽ കുടുംബപ്രശ്നങ്ങളിൽ കുറ്റക്കാരികളായ സ്ത്രീകൾക്കെതിരെയും നടപടികളും ശിക്ഷയുമുണ്ടാകണം. പിഞ്ചുകുഞ്ഞുങ്ങളുടെ ജന്മാവകാശമായ മുലപ്പാൽ നിഷേധിക്കുന്ന മാതൃത്വമില്ലാത്ത അമ്മമാരുള്ള കാലമാണിത്. പെൺകുട്ടികളെ ചതിക്കുഴികളിൽ ചാടിച്ചുള്ള പെൺവാണിഭക്കേസ്സുകളിലെല്ലാം കുറഞ്ഞപക്ഷം ഒരു സ്ത്രീക്കെങ്കിലും പങ്കുണ്ടാകും. ചിലപ്പോൾ സ്വന്തം അമ്മയ്ക്കു തന്നെയും. ഭർത്താവിനെയും ബന്ധുക്കളെയും ആർക്കും തെളിയിക്കാനാകാത്ത മന്ദഗതിയിലുള്ള വിഷമേൽപ്പിക്കലിലൂടെ നിത്യരോഗികളാക്കി മരണത്തിനുവിധേയമാക്കുക, അങ്ങനെ രോഗികളാക്കപ്പെട്ടവരെ ബന്ധുക്കളിൽ നിന്നും സമൂഹത്തിൽ നിന്നു മകറ്റി രഹസ്യത്താവളങ്ങളിൽ താമസിപ്പിച്ച് വെളിച്ചം കാണിക്കാതെ പീഡിപ്പിച്ച് വധിക്കുക തുടങ്ങിയവയൊക്കെ പലയിടത്തും നടന്നുവരുന്നു. പീഡനം കൊലപാതകത്തിൽ കലാശിച്ചുവെന്നു പുറത്തറിഞ്ഞാൽ മാത്രമേ കുറ്റവാളിക്കെതിരെ കേസ്സുള്ളുവെന്നതാണിന്നത്തെ ദുഃസ്ഥിതി. പൊതു സമൂഹം ഈ വ്യവസ്ഥിതിയെ അംഗീകരിക്കുന്നില്ല. അതുമാറി ജനഹിതമനുസരിച്ചുള്ള നിയമങ്ങളാണ് ജനാധിപത്യ വ്യവസ്ഥയിൽ അഭികാമ്യം. പുരുഷപീഡനം ഒറ്റപ്പെട്ട കാര്യമാണെന്ന് പറഞ്ഞ് നിസ്സാരവൽക്കരിക്കുന്ന ദുഷ്ടലക്ഷ്യമുള്ളവരുണ്ട്. ''വളരെയേറെ ഒറ്റപ്പെട്ട'' പുരുഷപീഡന സംഭവങ്ങളാണിന്ന് നടന്നുവരുന്നത്, സ്ത്രീകളുടെ വഴിവിട്ടുള്ള ജീവിതശൈലിയെ മാന്യവൽക്കരിക്കുക എന്നത് പലരുടെയും ആവശ്യമാണ്. !

സ്ത്രീപുരുഷ വ്യത്യാസമില്ലാതെ എല്ലാവരും നിയമത്തിന്റെ മുന്നിൽ തുല്യരായില്ലെങ്കിൽ കുറ്റവാളികൾ രക്ഷപ്പെടും, നിരപരാധികൾ ശിക്ഷിക്കപ്പെടും, സമൂഹം ദുഷിക്കും, താൻ ഒരു തെറ്റും ചെയ്യാത്ത നിസ്സഹായനായ നിരപരാധിയായിരുന്നുവെന്ന് സമൂഹം തിരിച്ചറിയാൻ നമ്മുടെയിടയിലെ ഒരു യുവ എഞ്ചിനീയർക്ക് തന്റെ പിഞ്ചുമകളും വൃദ്ധമാതാവും ഭാര്യാകാമുകന്റെ കൊലക്കത്തിക്കിരയായി ചോര ചിന്തി അതിദാരുണമായി പിടഞ്ഞു മരിക്കേണ്ടിവന്നു !! കഷ്ടം !!

❖

# അണയാത്ത പ്രതീക്ഷ

**Er. എച്ച്. പാൽരാജ്**
*Dy. Chief Engineer (Rtd.)*

**വെ**ള്ളായണി കായൽ തീരം, തല ഉയർത്തിപാടംനിറഞ്ഞുനിൽക്കുന്ന വയൽ, കതിർകളിൽ അധിരാവിലെ മഞ്ഞുപോലെ മിന്നി കാണുന്ന മഴതുള്ളികൾ. ആ ഗ്രാമത്തിലെ കാവൽദൈവം വെള്ളായണി അമ്മ ധാരികനെ വധിക്കാൻ 'നിലത്തുപോര്' നടത്തുന്ന പവിത്രമായ മൈതാനം. അനന്തപുരി നഗരത്തിന്റെ മുഖഛായ മാറികൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിലും ഗ്രാമീണ ഭംഗി നിലനിറുത്തി പോരുന്ന അനുഗ്രഹീതഗ്രാമം.

അവിടെ അറിയപ്പെടുന്ന പൊന്നുമംഗലം തറവാട്ടിലെ കാരണവരാണ് ശക്തൻ കോൺട്രാക്ടർ. ഏഴുമക്കളിൽ ആറുപേർ പെൺമക്കളാണ് ദൈവം നൽകിയത്. ശക്തന്റെ ജീവിത പുരോഗതിക്ക് എന്നും ഭാര്യരേണുക താങ്ങും തണലുമായി മുൻപന്തിയിൽ തന്നെ ഉണ്ടാകും.

ആദ്യത്തെ രണ്ടുപെൺമക്കളുടെ വിവാഹം കഴിഞ്ഞശേഷം ആ കുടുംബത്തിൽ 'കൊടുംകാറ്റ്' വീശാൻ തുടങ്ങി. കുടുംബനാഥൻ ശക്തന്റെ പെട്ടെന്നുള്ള മരണം അവരെ വളരെ തളർത്തി. രേണുകയുടെ കഠിനശ്രമത്താൽ അവർ പതറാതെ പിടിച്ചുനിന്നു. മൂന്നാമത്തെ മകൾ കാർത്ത്യായണി പുരനിറഞ്ഞു നിൽക്കുകയാണ്.ആകാര ഭംഗിയുള്ള മേനി. പ്രായത്തെക്കാൾ മുതിർന്ന വളർച്ച കാണിക്കുന്ന ശരീരം. ജാതകവശാൽ അവർക്ക് സന്താന ഭാഗ്യം ഇല്ല എന്ന സത്യം അറിഞ്ഞിരുന്ന, അവളുടെ അഴകിൽ മയങ്ങിയ, ബന്ധുവായ ശശിധരൻ വിവാഹം ചെയ്തു. രേണുകയ്ക്ക് ശശിധരനിൽ വളരെ അഭിമാനം തോന്നി. തന്റെ കുടുംബത്തിന് ഒരു രക്ഷകൻ വന്നു ചേർന്നതായി അവൾ കരുതി. മകൾ കവിതയെ ഒഴിച്ചു മറ്റു രണ്ടുപേരെ മാന്യമായി വിവാഹം കഴിച്ചയക്കാൻ ശശിധരൻ മുൻപന്തിയിൽ തന്നെ നിന്നു. കവിത ഭംഗിയിൽ ഒട്ടും പിന്നിലല്ല. ഒരു സിനിമാനടിയുടെ ലുക്ക്, മുല്ലപൂ പുഞ്ചിരിയിൽ കവിളിൽ കാണുന്ന നുണക്കുഴി' ആരേയും കോരിത്തരിപ്പിക്കും. അഴകുള്ള സ്ഥലത്ത് ആപത്തും കാണും എന്നു പറയുന്നത് എത്ര സത്യം. ആ നിശബ്ദമായി ചലിച്ചുകൊണ്ടിരുന്ന കുടുംബത്തിൽ കാർമേഘം ഉരുണ്ടുകൂടാൻ തുടങ്ങി.

ശശിധരന്റെ കഴുകൻ കണ്ണുകൾ കവിതയെ നോട്ടമിടാൻ തുടങ്ങി. നാഥനില്ലാത്ത തറവാട്ടിൽ തന്റെ ആഗ്രഹം എളുപ്പത്തിൽ സാധിക്കും എന്നവൻ കരുതി. തന്റെ കുടുംബത്തിൽ രക്ഷകൻ എന്നു കരുതിയ ശശിധരന്റെ തനി നിറം അറിഞ്ഞ് രേണുക ഞെട്ടി. എത്രയും വേഗം കവിതയുടെ വിവാഹം നടത്താൻ തീരുമാനിച്ചു. തന്റെ ബന്ധുക്കളുടെ സഹായത്താൽ കവിതയുടെ വിവാഹം രേണുക നടത്തി. കവിത ശശിധരനെ വെറുത്തുതുടങ്ങി.

കാർത്ത്യായനി ഇതൊന്നും അറിഞ്ഞഭാവം കാണിച്ചില്ല. തന്റെ മനസ്സിൽ ഭർത്താവിനെ ശപിച്ചും അതുപുറമേ കാണിക്കാതെ, കണ്ണുനീരിനെ സ്വയം നിയന്ത്രിച്ചു. ഈശ്വരൻ സാക്ഷി നിറുത്തി തന്റെ കഴുത്തിൽ മിന്നുകെട്ടിയ ഭർത്താവിനെ അവൾക്ക് എങ്ങനെ വെറുക്കാൻ കഴിയും.

ശശിധരൻ അവരോട് പക വീട്ടാൻ തന്നെ തീരുമാനിച്ചു. അവൻ മറ്റു ജാതിയിൽപ്പെട്ട രണ്ടു ആൺമക്കളുടെ മാതാവായ സരസു എന്ന സ്ത്രീയെ തന്നോട് പൊറുപ്പിക്കാൻ കൂട്ടിവന്നു. കാട്ടാളന്മാരുടെ കാമാർദ്ധിക്ക് അവസാനമുണ്ടോ ! എല്ലാം സഹിച്ച് നാവടക്കി കാർത്ത്യായനിക്ക് കഴിയേണ്ടിവന്നു. ഭൂമിമാതാവിനൊപ്പം സമാധാനം. ആ രാക്ഷസനെ എതിർത്താൽ ഒരു രാത്രികൊണ്ട് തന്റെ കഥയും അവസാനിക്കും എന്ന് കാർത്ത്യായനി ഭയന്നു.

ഇതിൻ അതിശയിക്കാൻ ഉള്ളത് സരസുവിന്റെ രണ്ടു ആൺമക്കളും കാർത്ത്യാ

# ചില പീഡന ചിന്തകൾ

*ഡോ. സി. രാമചന്ദ്രൻ*
*(Rtd.DYCE)*

**പീ**ഡനത്തെക്കുറിച്ച് പറയുന്നതും കേൾക്കുന്നതും പുരുഷന്മാരെ സംബന്ധിച്ച് അടുത്തകാലത്ത് വളരെ അപകടകരമായിരിക്കുന്നു.പ്രതിയെ പിടിക്കാനുള്ള തത്രപ്പാടിൽ നമ്മുടെ രാഷ്ടീയ പോലീസ് ഏതറ്റംവരെയും പോകും, യഥാർത്ഥ പ്രതി യുടെ അരികിലൊഴികെ. പ്രതി ആരെന്നറിയാൻ കഴിഞ്ഞില്ലെങ്കിൽ നാട്ടുകാരുടെ മുഴുവൻ ജീനുകളും ഒറ്റയടിക്കു പരിശോധിക്കാൻ മടിക്കുകയുമില്ല.

അതുപോകട്ടെ. ഇവിടെ നാം ചർച്ച ചെയ്യുന്നത് മറ്റൊന്നാണ്. ഏതുതരം പീഡനമാണെങ്കിലും അതിലേക്കുനയിക്കുന്ന ചില മാനസിക ഘടകങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യപ്പെടേണ്ടിയിരിക്കുന്നു.

വിശ്വപ്രസിദ്ധമായ ഒരു സമവാക്യമുണ്ട്. Energy Comes from Feelings. ഏതു വ്യക്തിക്കും ഏതുകർമ്മം ചെയ്യുന്നതിനും ആവശ്യമായ ഊർജ്ജം(energy) ലഭ്യമാകുന്നത് ഫീലിംഗ്സിൽ നിന്നാണ്. (വികാരം എന്ന് നല്ല അർത്ഥത്തിൽ പറയാം) ശുഭമോ ശുഭ്രമോ മൃദുലമോ അധമമോ ക്രൂരമോ ആയ ഏതു വികാരവും തദനുസൃതമായ ഊർജം വ്യക്തികളിൽ ജനിപ്പിക്കും.ഇനി ഈ വികാരത്തെ ജനിപ്പിക്കുന്നതിന് ചില Stimulants(ഉത്തേജകഘടകങ്ങൾ) നിശ്ചയമായും ഉണ്ടാകണം. അത് നിശ്ശബ്ദ ചിന്ത കളാകാം, നേർക്കാഴ്ചകളാകാം, മറ്റുള്ളവരുടെ ഭത്സനങ്ങളാകാം, ആശംസകളാകാം, മദ്യപാനമാകാം. അതിനനുസൃതമായി നാം ചിരിക്കുന്നു, രോഷാകുലരാകുന്നു, ദുഃഖിതരാകുന്നു.ആളുകളുടെ ജനറ്റിക് ഭാവങ്ങളനുസരിച്ച് അക്രമോത്സുകരുമാകുന്നു.

സാമൂഹ്യമായ ചില ആചാരമര്യാദകൾക്കനുസൃതമായാണല്ലോ ഏററവും വെറുക്കപ്പെടുന്നവൻ Good Morning എന്നു പറഞ്ഞാൽപ്പോലും നാം Bad Morning എന്ന് ആഗ്രഹമുണ്ടെങ്കിലും പറയാത്തത്.

ഏതു Stimulant നു വിധേയമായാലും തദനുസൃതമായ ഒരു Feeling മനുഷ്യരിലും മറ്റു ജീവജാലങ്ങളിലും ഉണ്ടാകുന്നു. അവന്റെ ഉപബോധമനസ്സിൽ ഉറഞ്ഞു കിടക്കുന്ന അടിസ്ഥാന വസ്തുതകൾ (ഓരോ

---

യനിയുമായി വളരെ സ്നേഹത്തിലാണ്. തനിക്ക് മക്കൾ ഇല്ല എന്ന ദുഃഖം അവർ മറന്നു. കാർത്ത്യായനിയും ആ കുട്ടികൾക്ക് സ്നേഹം പകുത്തു നൽകി.

കാലചക്രം ചുഴലുകയാണല്ലോ,കാലം ആർക്കുവേണ്ടിയും കാത്തിരിക്കാറില്ല.

കുട്ടികൾ ഇന്നു പളളിക്കൂടത്തിൽ പോകാൻ തുടങ്ങി. ആദ്യ ഭാര്യ വീട്ടിൽ ഇരിക്കുന്നത് മറ്റുളളവർക്കും അതിലുപരി അവർക്കും വിഷമം തന്നെ. ശശിധരൻ രാവും പകലും തിരിച്ചറിയാതെ സരസുവുമായി സിംഗരിക്കാൻ തുടങ്ങി.ഇതുകണ്ടു വീർപ്പുമുട്ടുന്ന കാർത്ത്യായനി കിണറ്റിൻ കരയിലെ വെളളം മോന്തി സ്വയം തലയിൽ വീഴ്ത്തി വികാരങ്ങൾക്ക് ശമനം കണ്ടു.

കാലക്രമത്തിൽ അവൾ ഭക്തിയിൽ മുഴുകി. പല അമ്പലങ്ങൾ ദർശിക്കാൻ തുടങ്ങി. തന്നെ സമീപിക്കുന്ന കുട്ടികൾക്ക് പാഠം പഠിപ്പിച്ചുപോന്നു. കുട്ടികളുമായി കഴിയുന്നതിൽ അവൾ സന്തോഷം കണ്ടു; സമാധാനവും കണ്ടു. ഇനി അവൾ ഒരു ദുഃഖ പുത്രിയായി കഴിയാനായിരിക്കും ദൈവനിശ്ചയം.

വാർദ്ധക്യത്തിൽ ശശിധരൻ തനിക്ക് തുണയാകുമെന്ന് അവൾക്ക് വിശ്വസിക്കാൻ കഴിയില്ല. എന്നാൽ താൻ സ്നേഹം നൽകിയ സരസുവിന്റെ ആൺമക്കൾ തന്നെ തുണയ്ക്കുമെന്ന പ്രതീക്ഷയിലാണ് അവൾ. അണയാത്ത പ്രതീക്ഷയാണല്ലോ ഓരോരുത്തരുടെയും ജീവിതത്തിന് ആധാരം.

❖

വ്യക്തിയുടെയും സംസ്ക്കാരത്തിനനുസരിച്ച്) അപ്പോൾ പുറത്തു വരും.ഇതിനൊരുദാഹരണമാണ് സാധാരണ ഗതിയിൽ വളരെ ശാന്തരായിരിയ്ക്കുന്നവർ അല്പം മദ്യം അകത്തു ചെന്നാൽ അക്രമോത്സുകരാകുന്നത്. ആ ആക്രമണോത്സുകതയെ നമുക്ക് പലപ്പോഴും ഫലപ്രദമായി തടയാനും കഴിഞ്ഞെുന്നു വരികയുമില്ല.

പ്രധാന കലാസൃഷ്ടികൾ പലതും ഉണ്ടാകുന്നതും ഇതിനു സമാനമായ ചില സാഹചര്യങ്ങളിലാണ്. നമ്മളെപ്പോലെയുള്ള സാധാരണക്കാർ മാനത്തു മഴവില്ലു കാണുമ്പോൾ പരമാവധി മഴയെക്കുറിച്ചു ചിന്തിച്ചേക്കാം. എന്നാൽ ജി.ശങ്കരക്കുറുപ്പോ വയലാർ രാമവർമ്മയോ ഒ.എൻ.വി.യോ ആയാലോ? അവരിൽ ധാരാളം മൃദുല മനോഹരവികാരങ്ങൾ ജനിയ് ക്കുന്നു, അവകലാസൃഷ്ടികളായി പുറത്തുവരുന്നു.

A Thing of beauty is a joy for ever എന്നൊരു റൊമാന്റിക് വാക്യം ഓർക്കുക. ഉത്തേജകമായതെന്തും വ്യക്തിയിൽ ഊർജ്ജം ജനിപ്പിയ്ക്കും. അതിനനുസരിച്ച് അവർ പ്രവർത്തിക്കും; ഓരോരുത്തരുടെയും സംസ്ക്കാരത്തിനും ധർമ്മബോധത്തിനും അനുസരിച്ച്..

നാട്ടിൽ നടക്കുന്ന പല സ്ത്രീപീഡനങ്ങളുടെയും അടിസ്ഥാന മനഃശാസ്ത്രം ഇതാണ്. ആത്മനിയന്ത്രണവും നിയമഭീതിയുമുള്ളവർ ആ വക വികാരങ്ങളെ വഴി തിരിച്ചു വിടും. അല്ലെങ്കിൽ അടക്കി നിറുത്തും,. അതിനാൽ Victim അഥവാ ഇര ആകാൻ സാദ്ധ്യതയുള്ളവർ അൽപം മുൻകരുതൽ എടുക്കുന്നതല്ലേ ഉചിതം. Prevention is better than cure എന്നല്ലേ പ്രമാണം.

മദ്യപിച്ചാൽ അക്രമിയാകുമെന്നുറപ്പുള്ളവന് മദ്യം കൊടുക്കാതിരിയ്ക്കാൻ ശ്രമിക്കുന്നതും ഒരു നല്ല മാർഗ്ഗമല്ലേ? അതോ ആവശ്യാനുസരണം മദ്യം കൊടുക്കുകയും അവനെക്കൊണ്ട് അക്രമം ചെയ്യിച്ച് ശിക്ഷ വാങ്ങിക്കൊടുത്ത് വിലപിയ്ക്കുകയാണോ അഭികാമ്യം.

അധമവികാരങ്ങളും അനാവശ്യ ലൈംഗികത്വരയും ജനിപ്പിയ്ക്കാനുതകുന്ന വേഷവിധാനങ്ങൾ നടത്തി പരസ്യമായി നൃത്തംചവുട്ടി ചെറുപ്പക്കാരുടെ ഉത്സുകതയെ പരീക്ഷിയ്ക്കുന്നതിലും ഭേദമല്ലേ വസ്ത്രധാരണ രീതിയിലെ ഉത്തേജക ഘടകങ്ങൾ അൽപം ലഘൂകരിയ്ക്കുന്നത്. ഇത് ഒന്നു പരസ്യമായി പറഞ്ഞു പോയതിന് നമ്മുടെ ഗാനഗന്ധർവ്വൻ എന്തുമാത്രം പഴികേട്ടു. ആർക്ക് എങ്ങനെ വേണമെങ്കിലും വേഷം ധരിയ്ക്കാനുള്ള പൗരസ്വാതന്ത്ര്യത്തെ ഇവിടെ ചോദ്യം ചെയ്യുകയല്ല. സകലവിധ പൗരാവകാശ ധ്വംസനങ്ങളും ശിക്ഷാർഹമാണല്ലോ. അങ്ങനെയൊന്നുംസംഭവിയ്ക്കാതിരിക്കാൻ നമ്മുടെ സംസ്ക്കാരത്തിനനുസരിച്ച് ചില മുൻകരുതലുകൾ പെൺമക്കളെക്കൊണ്ട് എടുപ്പിയ്ക്കാൻ അമ്മമാർ ശ്രമിയ്ക്കുന്നത് അഭികാമ്യമല്ലേ. ഇവിടെ ഇത്തരം വകതിരിവിനെക്കുറിച്ചാണ് പറയാൻശ്രമിച്ചത്.

മനഃശാസ്ത്രജ്ഞന്മാർ കൈകാര്യം ചെയ്യേണ്ടി വരുന്ന മറ്റൊരു വിഷയം പല യുവതീയുവാക്കളിലും കാണുന്ന ദാമ്പത്യ ജീവിതത്തിലെ നിർവികാരതയാണ്.ഈ പോരായ്മ ഇന്ന് വന്ധ്യത (Infertility)-യുടെ ഒരു പ്രധാന കാരണമായിരിക്കയാണ്. ഒരു വശത്ത് അനാവശ്യമായ പ്രവണതകൾ,മറുവശത്ത് വേണ്ട രീതിയിൽ ഭാര്യാഭർത്തൃബന്ധം ഊഷ്മളമായി നയിക്കാനുള്ള തയ്യാറെടുപ്പില്ലായ്മയോ കഴിവുകേടോ. അതായത് പ്രകടനാത്മകമായ ഉത്തേജകദൃശ്യങ്ങൾ ഒരുവശത്ത്, മറുവശത്ത് മനപ്പൂർവമെന്ന് വേണമെങ്കിൽ കരുതാവുന്ന നിസ്സംഗത.

അടുത്തകാലത്ത് പെരുമാറ്റ ശാസ്ത്രജ്ഞന്മാർ (Behaviour scientists) നടത്തിയ ഒരു സർവ്വേയിൽ മധ്യവയസ്ക്കരായ ഉദ്യോഗസ്ഥരിൽ കൂടിവരുന്ന മദ്യപാനപ്രവണതയ്ക്കുള്ള ഒരുകാരണം പങ്കാളിയുടെ ബാഹ്യമായ ഉത്തേജകാത്സുക്യം ആന്തരികമായി ലഭ്യമാകായ്കയാണെന്നു കാണുന്നു.

അമ്മമാരുടെയും പെൺകുട്ടികളുടെയും ചിന്തകളിലേക്ക് എറിഞ്ഞ ശകലങ്ങളായി മാത്രം കണക്കാക്കി വെറുതെ വിടുക.

❖

## BOARD ORDERS

# KERALA STATE ELECTRICITY BOARD LTD

(Incorporated under the Indian Companies Act, 1956)
Registered Off: Vydhuthi Bhavanam, Pattom, Thiruvananthapuram – 695004
0471-2514245;cclmukseb@ksebnet.com
CIN: U40100KL2011SGC027424; www.kseb.in

**ABSTRACT**

Land Management Unit- Commendable Performance of officials actively involved in mutation of lands owned by KSEBL-Good Service Entry to officials of KSEBL - Sanction accorded– Orders issued.

## Corporate Office (CMD)

B.O(CMD)No.1421/2016(LMU/MutatedLands/127/2016)Thiruvananthapuram dated 10.05.2016

Read:-Note No. LMU/MutatedLands/127/2016 dated 03.05.2016 of the Chief Coordinator,Land Management Unit

**ORDER**

The Chief Co-ordinator, Land Management Unit as per note read above has suggested that the officers involved may be given "GOOD SERVICE ENTRY " in recognition of extremely good work done by them in getting some of the land parcels mutated in favour of KSEBL, which will serve as an motivation to other officers as well.

Having considered the note read above, Board hereby accords sanction for awarding Good Service Entry to the following officers of KSEBL taking into account the meritorious service rendered for the successful mutation of land parcels in favour of KSEBL.

| Sl.No. | Name of Officer | Designation | Mutated Land Details |
|---|---|---|---|
| 1 | Shibu Mathukutty | Assistant Executive Engineer, Transmission Sub Division, Pathanamthitta | 110 KV S/s Pathanamthitta |
| 2 | Praseetha M.K | Assistant Executive Engineer, Transmission Sub Division, Kozhencherry | 110 KV S/s Ranni & Kozhencherry |
| 3 | K.A Shaji | Executive Engineer Electrical Division, Cherthala | |
| 4 | Maya S.Nair | Assistant Executive Engineer, Electrical Sub Division, SL Puram | SL Puram Electrical Section (Cherthala Electrical Division) |

| | | | |
|---|---|---|---|
| 5 | Muralee Kumar.K | Senior Superintendent Electrical Division, Cherthala | |
| 6 | Tomy.P.J | Sub Engineer Electrical Sub Division, SL Puram | |
| 7 | Anil.G | Project Manager Barapole SHEP | Barapole SHEP IB Palakkad & Electrical Division Palakkad |
| 8 | K.K.Rajeev | Executive Engineer Electrical Division Palakkad | |
| 9 | Shalu | Sub Engineer Electrical Division Palakkad | |
| 10 | Prem Raj | Assistant Executive Engineer, Electrical Sub Division, Sulthan Bathery | |
| 11 | Viju Rajan John | Executive Engineer Transmission Division Kothamangalam | 110 KV Muvattupuzha & 110 KV New Muvattupuzha |
| 12 | Salma.K.A. | Assistant Executive Engineer, Transmission Sub Division, Muvattupuzha | |
| 13 | Sunny M.K. | Overseer TC Sub Division Muvattupuzha | |
| 14 | Jayasankar.V.S | Assistant Executive Engineer, Electrical Sub Division, Haripad | Haripad Section Office |
| 15 | Vinu Unnithan | Assistant Executive Engineer, Electrical Sub Division, Gandhi Nagar Kottayam | |
| 16 | Beena G.L. | Assistant Engineer, 66 KV S/s Vizhinjam | 33 KV S/s Poovar |
| 17 | Krishna Raj | Sub Engineer (Civil) Vydyuthi Bhavanam | Vydhyuthi BhavanamPattom |
| 18 | K.T.Mathew | Executive Engineer Electrical Division Pala | |
| 19 | Mathew.P.Kurian | Executive Engineer Transmission Division Pala | 110 KV S/s Erattupettah |

The Chief Engineer (HRM) & concerned Deputy Chief Engineer(s) will initiate further necessary action in this regard for making suitable entries in the respective service records.

By order of the Chairman & Managing Director,
sd/-
**(R. Rajasekharan Nair)** Secretary (Administration)

# HRM NEWS

Chief Engineer (HRM) called a meeting of the associations (officers)on 09-06-2016, in connection with ONLINE GENERAL TRANSFER , we have attended the meeting and raised our concerns regarding the same. Finally, the following decisions were taken.

Not to proceed with ONLINE GENERAL TRANSFER for the current year as it requires revision of existing general transfer guide lines , Corrections in HRIS etc.

A seven member committee has been constituted with association representatives and officials .The committee has to submit a detailed report on or before 30th August regarding the revision of guidelines for the fool proof implementation of ONLINE General Transfer for the next year (General Transfer-2017)

Decide to finalize and publish cadre strength of officers in KSEBL before implementing ONLINE Transfer.

Also decided to proceed with General Transfer -2016 ,manually, for the current year and the final meeting will be held on or before 20-06-2016. Seniority list , protection list, list of requests will be published after the proposed meeting.

# FAREWELL



**Cyriac Lukose**
**Retired on 31/05/2016**



**Vishnu Namboothiri**
**Retired on 30/04/2016**

# Unit Activities

## Muvattupuzha Unit

Muvattupuzha unit meeting held on 15.06.2016 at Hotel Kavery, Kothamangalam. Central office bearer Organizing secretary Er. Nishand B attended in the meeting. Meeting discussed in detail the online transfer norms and 11kV separate construction and maintenance wing and decided to give the reports to the centre. Unit honored senior Er. M V Abraham (EE Rtd.) for his unique and exemplary contribution in the design, development and implementation of Micro Hydro Electric Projects. A "Ponnada" was given to Er.M V Abraham by Senior Er. E.N Gopinathan Nair and a Momento was presented by Org. Secretary Er Nishand B.

## Thiruvananthapuram Unit

Farewell given to Er. Vishnu T.P., Dy. CE., Er. Job CA., EE and Er. Raju Kumar, AEE by Thiruvananthapuram unit. All these members retired on 31-05-2016.







# PIB Release

### ☞Shri Piyush Goyal Launches Ujala Scheme in Goa and Vidyut Pravah & Urja Mobile App

Union Minister of State (IC) for Power, Coal and New and Renewable Energy Shri Piyush Goyal launched 'URJA'- Urban Jyoti Abhiyaan Mobile app on the side-lines of ongoing two day Conference of Power Ministers at Cansaulim in South Goa. The app is developed by Power Finance Corporation on behalf of Ministry of Power for Urban Power Distribution Sector to enhance consumer connect with the Urban Power Distribution sector by providing information of IT enabled towns on important parameters which concern the consumers like outage information, timely release of connections, addressing complaints, power reliability etc.

The app will work as manifestation of Prime Minister's principle of good governance i.e. People focus,co-operative federalism. The Union Minister also launched the Pradhan Mantri UJALA (Unnat Jyoti by Affordable LED for all) Yojana in Goa with a target of replacing approximately 15 lakh LED bulbs, impacting nearly 5 lakh households. Under the scheme, consumers are entitled to 3 LED bulbs of 9W each at a subsidized rate of Rs.25/, as against a market price of Rs.300-350. The Scheme launched in the distinguished presence of Goa Chief Minister Shri Laxmikant Parsekar will help save over 78 million kwh every year in the state and about Rs.850-1000 on annual electricity bills. Besides, the Union Minister also launched "Vidyut Pravah" App at the event. Speaking on the occasion the Minister said the scope of "DEEP" (Discovery of Efficient Electricity Price) e-Bidding and e-Reverse Auction Portal has been further expanded by covering banking mechanism and the medium term procurement of Power. The Union Minister said the Government will soon start 100 percent smart metering to curb the menace of power theft. He said currently there is a loss around 24 to 26 percent due to theft of Power.

### ☞Press Brief on "Extension of timeline for issuance of Bonds by State Governments under the Scheme UDAY (Ujwal DISCOM Assurance Yojana) for Financial and Operational Turnaround of Power Distribution Companies"

The Union Cabinet in a meeting chaired by Prime Minister Shri Narendra Modi, accorded an extension of timeline for taking over 50% of the Outstanding Debt of DISCOMs, as existing on 30th September, 2015, by States, and borrowings by State of Jammu and Kashmir under UDAY (Ujwal DISCOM Assurance Yojana). The time limits have now been extended by one year from the earlier stipulated date of 31st March,

2016. UDAY, the most comprehensive power sector reform ever, was conceived to permanently resolve all DISCOM problems – past, present and future. It is a scheme for the operational and financial turnaround of DISCOMs, which are the weakest link in the power value chain. It provides DISCOMs with a clear roadmap and opportunity to become profitable in the next 3 years. UDAY is an important component of the effort to realise the mission of 24x7 affordable and environment friendly 'Power for All'. Power, being a concurrent subject, requires the active participation of the States. Though, UDAY is optional, several States/Union Territories have joined or agreed to join the scheme demonstrating its necessity and appeal. However, some States were unable to join the scheme due to time constraints in completing the processes or inability to take major policy decisions such as joining UDAY due to on-going election processes. Extension of the timeline will enable States to participate in this scheme by allowing adequate time to complete the multi-stakeholder process required for joining and/or issuing Bonds. In addition, Jammu & Kashmir will be able to float further Bonds. As stated, under UDAY, so far 20 States and Union Territories have given their consent to join of which, 12 States, viz, Rajasthan, Uttar Pradesh, Chhattisgarh, Jharkhand, Punjab, Bihar, Haryana, Gujarat, Uttarakhand, Karnataka, Goa and Jammu & Kashmir have already signed MOUs with the Central Government. In the year 2015-16, Bonds worth Rs. 99,541 crore were floated by the participating States to clear 50% of the outstanding debt of States and outstanding CPSU dues in Jharkhand and Jammu & Kashmir. Further, DISCOM Bonds worth Rs. 11,524 crore were floated. In the year 2016-17, Bonds worth Rs. 48,391 crore have been floated by Rajasthan, Uttar Pradesh and Punjab. The turnaround of DISCOMs is made possible through (i) Improving operational efficiencies of DISCOMs, (ii) Reduction in the cost of power, (iii) Reduction in interest cost of DISCOMs through States taking over 75% of the DISCOM debt, as on 30th September, 2015 over two years, and the rest being re-priced through bonds and loans at lower interest rates, (iv) Enforcing financial discipline on DISCOMs through alignment with State finances. With the Cabinet decision today, the States shall take over 75% of DISCOM debt as on 30th September, 2015 by 31st March, 2017 by issuing Bonds. This intervention will lower the interest burden of debt and allow States, which could not avail of the opportunity to join UDAY earlier to put DISCOMs reforms on accelerated path. It is a significant step in realising the vision of 24X7 Power for All.

☞ **Andhra Pradesh joins "UDAY" scheme ; would derive an overall net benefit of Rs 4400 crore through "UDAY"**

The Government of India, the State of Andhra Pradesh and the DISCOMs of Andhra Pradesh (APSPDCL and APEPDCL) signed a Memorandum of Understanding (MOU) under the Scheme UDAY – "**Ujwal DISCOM Assurance Yojana**" in Vijyawada (AP) today for financial turnaround of the DISCOMs.

Under UDAY, twelve states have signed MoU till date. Today, Andhra Pradesh has signed the MoU as the thirteenth State to be covered under UDAY. The combined DISCOM debt (including CPSU dues) that would be restructured in respect of these states is around Rs.2.16 lac crore, which is half of the total outstanding DISCOM debt as on 30$^{th}$ September, 2015.

Speaking on the occasion Union Minister of State (IC) for Power, Coal and New & Renewable Energy, Shri Piyush Goyal said Andhra Pradesh is one of the top three States for achieving 100 percent electrification the State. The other two states are Gujarat and Punjab the Minister said.. While complementing the State for the milestone, Shri Goyal said that Andhra Pradesh is one among the few States by connecting digital technology with electricity by introducing Smart Meter Scheme,

Chief Minister of Andhra Pradesh Shri Nara Chandrababu Naidu said the State will carry forward the reforms in electricity to achieve energy efficiency. He said the Government is committed to uninterrupted and quality power supply.

The Union Minister also formally launched Andhra Pradesh State Energy Efficiency Development Corporation (APSEEDCO) an Energy Efficiency consultancy in collaboration with GoI, unit started by the AP government.

Today the Government of Andhra Pradesh has taken a positive step towards supporting its DISCOMs by signing the MOU under UDAY for further improving the financial and operational efficiency of the already efficient DISCOMs. The State of Andhra Pradesh has committed to take over DISCOMs' debt of Rs.11000 cr. during the current year, which would reduce the interest burden of the State by Rs.330 crore per annum.

Through compulsory Distribution Transformer metering, consumer indexing & GIS mapping of losses, upgrade/change transformers, meters etc., smart metering of high-end consumers, feeder audit etc. AT&C losses and transmission losses would be brought down, besides eliminating the gap between cost of supply of power and realisation. The reduction in AT&C losses of APEPDCL to 5.44% and that of APSPDCL to 10.89% and transmission losses of the State to 3.50% is likely to bring additional revenue of around Rs.214 crore during the period of turnaround.

While efforts will be made by the State Government and the DISCOMs to improve the operational efficiency of the DISCOM, and thereby reduce the cost of supply of power, the Central government would also provide incentives to the DISCOMs and the State Government for improving Power infrastructure in the State and for further lowering the cost of power. The Central schemes such as DDUGJY, IPDS, Power Sector

Development Fund or such other schemes of MOP and MNRE are already providing funds for improving Power Infrastructure in the State and additional/priority funding would be considered under these schemes, if the State/DISCOMs meet the operational milestones outlined in the scheme. The State shall also be supported through additional coal at notified prices and in case of availability, through higher capacity utilization, low cost power from NTPC and other CPSUs. Other benefits such as coal swapping, coal rationalization, correction in coal grade slippage, availability of 100% washed coal would help the state to further reduce the cost of Power. The State would gain around Rs.2199 crore due to these coal reforms.

Demand Side interventions in UDAY such as usage of energy-efficient LED bulbs, agricultural pumps, fans & air-conditioners and efficient industrial equipment through PAT (Perform, Achieve, Trade) would help in reducing peak load, flatten load curve and thus help in reducing energy consumption in the State of Andhra Pradesh. The gain is expected to be around Rs.882 crore.

Improvement in operation efficiency would enable the DISCOMs to borrow at cheaper rates in future, for their infrastructure development and improvement of existing infrastructure.

An overall net benefit of approximately Rs.4400 crore would accrue to the State by opting to participate in UDAY, by way of cheaper funds, reduction in AT&C and transmission losses, interventions in energy efficiency, coal reforms etc. during the period of turnaround.

The ultimate benefit of signing the MOU would go to the people of Andhra Pradesh. Reduced levels of transmission and AT&C losses would mean lesser cost per unit of electricity to consumers. Further, financially and operationally healthy DISCOMs would be in a position to supply more power. Higher demand for power would mean higher PLF of Generating units and therefore, lesser cost per unit of electricity which would again mean lesser cost per unit of electricity to the consumers.

❖

**We demand distinctive pay structure for power engineers**



Technical Session on "Protection Fundamentals"by Er. K.V. Janardhanan arranged by Kannur unit



Technical Session on " Energy Conservation Statutes" by Er. Biju R. arranged by Thrissur unit

KSEB ENGINEERS' ASSOCIATION

Price ₹ 10

HYDEL BULLET Monthly
RNI Reg.No.KERENG/2013/48628
Reg. No. KL/TV(N)/645/2016-2018

Licensed to Post without pre payment.
No. KL/TV(N)WPP/203/ 2016 - 18 at Tvpm. RMS
Date of Publication 24-06-2016



Honouring of Er. M.V.Abraham,EE(Rtd) by Muvattupuzha unit with a Momento and Ponnada on 15.06.2016 for his exemplary contribution in the design, development and implementation of Micro Hydro Electric Projects.



Inauguration of Kollam Unit Activities for the year 2016-17 by KSEBEA President Er. E. Mohammed Shereef

Edited, Printed & Published by P. Muraly, Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum -01, Ph : 2330696, email:hydelbulletin@gmail.com,web : ksebea.in at Bhagath Printers, Pattom,Trivandrum - 4 , Ph : 4017097, bhagathpattom@yahoo.com,bhagathprinters@gmail.com

For Private Circulation only